## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 439      01. 12. 2015 ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം      ഉത്തരം

ശ്രീ. കെ.കെ.ജയചന്ദ്രൻ      ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ്ജും സർചാർജ്ജും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്; | (എ) മൂന്നു തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നാലു തവണ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് ഏർപ്പെടുത്തുകയുണ്ടായി. |
| (ബി) ഓരോ തവണ വർധിപ്പിച്ച നിരക്കുകളും ചുമത്തിയ സർ ചാർജ്ജും എത്രയെന്ന് വെളിപ്പെടുത്താമോ; | (ബി) വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് അനുബന്ധം – 1 ആയും, ഓരോ പ്രാവശ്യവും ചുമത്തിയ സർചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധം – 2 ആയും കൊടുത്തിരിക്കുന്നു. |
| (സി) അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത് എന്നാണ്? | (സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ, 14.08.2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 16.08.2014 മുതലാണ് സംസ്ഥാനത്ത്, അവസാനമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്